<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6654**</u> <u>**11-07-2024 - ൽ മറുപടിയ്ക്ക്**</u>

<u>**അൺ എയ്‌ഡഡ് പ്ലസ് വൺ ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ വർഷങ്ങളിൽ പ്ലസ് വൺ വിഭാഗത്തിൽ അൺ എയ്‌ഡഡ് ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് അനുവദിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021-22 അദ്ധ്യയന വർഷം സ.ഉ.(കൈ)നം. 241/2021/പൊ.വി.വ തീയതി 28/10/2021 എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ഏഴ് ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിച്ച അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിച്ച അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | നടപ്പ് അധ്യയന വർഷത്തിൽ അൺ എയ്‌ഡഡ് ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ? | (ബി) | നടപ്പ് അധ്യയന വർഷത്തിൽ അൺ എയ്‌ഡഡ് ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ, എയ്‌ഡഡ് സ്കൂളുകളിൽ മാത്രമേ മാർജിനൽ ഇൻക്രീസിന് അനുമതി നൽകിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊവിവ - ഹയർ സെക്കന്ററി വിഭാഗം - സംസ്ഥാനത്തെ ഹയർ സക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ അഡ്മിഷന് അധിക സീറ്റ് അനുവദിച്ചും ബാച്ചുകൾ ഷിഫ്റ്റ് ചെയ്തും താത്കാലിക ബാച്ചുകൾ അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(എൻ )വകുപ്പ്

സ.ഉ.(കൈ) നം.241/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 28/10/2021

---

പരാമർശം:- സ.ഉ. (കൈ) നം.191/2021/ പൊവിവ തീയതി 02/09/2021

## ഉത്തരവ്

പരാമർശം (1) പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 20% സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിന്റെ മുഖ്യ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച അപര്യാപ്തത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ 2021-22 അധ്യയന വർഷത്തേക്കുമാത്രം താഴെ പറയുന്ന സീറ്റ് വർദ്ധനവ്/ ബാച്ച് ഷിഫ്റ്റ്/ താൽക്കാലിക ബാച്ച് എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിൽ 20% സീറ്റ് വർദ്ധനവ് ഏർപ്പെടുത്തിയ 7 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) സീറ്റിന്റെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ 10% സീറ്റ് വർധനവ് കൂടി അനുവദിക്കുവാൻ അനുമതി നൽകുന്നു.

2. നിലവിൽ 20% സീറ്റ് വർദ്ധനവ് ഏർപ്പെടുത്തിയ 7 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) അടിസ്ഥാന സൗകര്യമുള്ള,

അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ് ) കൂടാതെ, അടിസ്ഥാനസൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് അനുവദിക്കുവാൻ അനുമതി നൽകുന്നു.

3. മുൻപ് മാർജിനൽ സീറ്റ് വർദ്ധനവ് നൽകാത്ത 7 ജില്ലകളിൽ (കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം) ആവശ്യകത അനുസരിച്ച് എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 20% വരെ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകുന്നു.

4. മുൻപ് മാർജിനൽ സീറ്റ് നൽകാത്ത 7 ജില്ലകളിൽ (കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം) അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് നിബന്ധനകൾക്കിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ് ) കൂടാതെ, അടിസ്ഥാനസൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകുന്നു.

5. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡെൻഷ്യൽ സ്കൂൾ, നല്ലൂർനാടിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും, ഗവ: മോഡൽ റെസിഡെൻഷ്യൽസ്കൂൾ, ഫോർ ഗേൾസ് കൽപ്പറ്റയിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും താത്കാലികമായി അനുവദിക്കാൻ അനുമതി നൽകുന്നു.

6 . സർക്കാർ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികൾ ഉള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലയിലേക്ക് മാറ്റുന്നതിന് അനുമതി നല്കുന്നു.

7 . കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച വിഷയം സീറ്റ് വർദ്ധനവിലൂടെ പരിഹരിക്കുന്നില്ലെങ്കിൽ മാത്രം ആവശ്യകത അനുസരിച്ച ആവശ്യമുള്ള ജില്ലകളിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കാൻ അനുമതി നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M Mohammed Hanish

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വെബ്&ന്യൂ മീഡിയ
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.352)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് -

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Signed by Asha Rani M
Date: 28-10-2021 20:52:51
Reason: Approved

സെക്ഷൻ ഓഫീസർ

2 Seperate GO.

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കണ്ടറി വിഭാഗം - ഹയർസെക്കന്ററി ഒന്നാം വർഷ പ്രവേശനം - 2021-22 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ 7 ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

**സ.ഉ.(കൈ)നം.191/2021/പൊ.വി.വ** **തിരുവനന്തപുരം, തീയതി, 02/09/2021.**

---

പരാമർശം :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.07.2021 ലെ ഐ.സി.റ്റി സെൽ/1771/1/2021/ഡി.ജി.ഇ-എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2021-22 അധ്യയന വർഷത്തിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും, എല്ലാ വിഷയങ്ങൾക്കും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ, പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം വർദ്ധിപ്പിക്കുന്ന സീറ്റുകളിലേയ്ക്കുള്ള പ്രവേശനം നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്കും.(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.217 തീയതി 01.09.2021)
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ